**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## കീം-2021

## ബി.ഫാം കോഴ്സിലേക്കുള്ള പ്രവേശനം-2021
## രണ്ടാം റൗണ്ട് മോപ്പ്-അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2021-22 അധ്യയന വർഷത്തെ സർക്കാർ ഫാർമസി കോളേജുകളിൽ ബി .ഫാം കോഴ്സിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിനായി നടത്തുന്ന മോപ്പ് -അപ്പ് അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 22/04/2022 മുതൽ 25/04/2022 വൈകുന്നേരം 04.00 മണി വരെ വിദ്യാർത്ഥികൾ നൽകിയ ഓപ്ഷനുകൾ പരിഗണിച്ചാണ് മോപ്-അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

മോപ്-അപ്പ് അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ അലോട്ട്മെന്റ് മെമ്മോ വിദ്യാർത്ഥികൾക്ക് 'കാൻഡിഡേറ്റ് പോർട്ടലിൽ' ലഭ്യമാകുന്നതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും.

മോപ്പ്-അപ്പ് അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഒടുക്കിയശേഷം അതാത് കോളേജുകളിൽ **03.05.2022 മുതൽ 05.05.2022 ഉച്ചയ്ക്ക് 2.00 മണിക്കകം** പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് അലോട്ട്മെന്റ് മെമ്മോയും, ഡാറ്റാ ഷീറ്റും, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പറഞ്ഞിരിക്കുന്ന രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം ബി.ഫാം കോഴ്സിൽ പ്രവേശനം നേടിയവർക്ക് മോപ് അപ് അലോട്ട്മെന്റ് പ്രകാരം പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിലെ അഡ്മിഷൻ റദ്ദാകുന്നതാണ്. മോപ് അപ് അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും , മോപ് അപ് അലോട്ട്മെന്റിലൂടെ പ്രവേശനം നേടിയശേഷം സീറ്റ് നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളുടെയും മോപ് അപ് രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി ഈടാക്കുന്നതാണ്. കൂടാതെ മോപ് അപ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റുകളിലൂടെയോ ബി.ഫാം കോഴ്സുകളിൽ പ്രവേശനം നേടിയശേഷം സീറ്റ് നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളിൽ നിന്നും കീം 2021 പ്രോസ്പെക്ടസ്

ക്ലോസ് 12.2.4(c) വ്യവസ്ഥ പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

മോപ് അപ്പ് അല്ലോട്ട്മെന്റിന് ശേഷം ഒഴിവു വരുന്ന സീറ്റുകൾ 'സ്ട്രെ വേക്കൻസി ഫില്ലിങ്ങിലൂടെ' നികത്തുന്നതായിരിക്കും. മുൻ അലോട്ട്മെന്റ് പ്രകാരം ബി.ഫാം, മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയവരെയും രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റ് പ്രകാരം ബി ഫാം കോഴ്സിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളവരെയും മോപ് അപ് അലോട്ട്മെന്റ് പ്രകാരം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളവരെയും 'സ്ട്രേ വേക്കൻസി ഫില്ലിംഗ്' ൽ പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.04.30 16:54:05 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**30/04/2022**